ഡി5/5801/08/ഡിപിഐ

വിദ്യാഭ്യാസ ഡയറക്ടറാഫിസ്,
തിരുവനന്തപുരം, 28.3.08

## സർക്കുലർ

വിഷയം:- പൊ.വി. ജീവനക്കാര്യം - പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂളുകളിലെ പ്രധാനഅദ്ധ്യാപകർ / ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/സമാന തസ്തികകളിലേക്ക് 2008-2009 വർഷത്തേക്കുള്ള പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിയ്ക്കുന്നതു സംബന്ധിച്ച്.

..........

പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സർക്കാർ ഹൈസ്കൂളുകളിലെ പ്രധാന അദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവർ എന്നിവരിൽനിന്നും 2008-2009 വർഷത്തേക്ക് പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ ഓൺ ലൈനിലൂടെ ക്ഷണിയ്ക്കുന്നു. അപേക്ഷ സംബന്ധിച്ച വിവരം www.education.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. അതാത് സ്ഥാപനത്തിലെ കോഡ് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. 3. 4. 2008 മുതൽ 18.4.2008 വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒഴിവുകൾ സംബന്ധിച്ച പൂർണ്ണ വിവരം 8.4.08 ന് മാത്രമേ നിശ്ചയിക്കപ്പെടുകയുള്ളു എന്നതിനാൽ 8.4.08 ന് ശേഷം അപേക്ഷ രജിസ്റ്റർ ചെയ്യുന്നതാകും അഭികാമ്യം. 18.4.08 ന് ശേഷം അപേക്ഷ രജിസ്റ്റർ ചെയ്യുന്നതു അനുവദിക്കുന്നതല്ല. അപേക്ഷകനു ഒരു അപേക്ഷ മാത്രമേ റജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളു. അപേക്ഷ സമർപ്പിക്കുന്നതിനു അനുവദിച്ചിട്ടുള്ള കാലയളവിൽ അപേക്ഷകനു തന്റെ അപേക്ഷയിന്മേൽ ആവശ്യമെങ്കിൽ മാറ്റം വരുത്താവുന്നതാണ്. 18.4.2008 തീയതിക്കുശേഷം അപേക്ഷയിൽ യാതൊരുവിധ മാറ്റവും അനുവദിക്കുന്നതല്ല.

അപേക്ഷ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്.

ആദ്യഭാഗത്ത് അപേക്ഷകന്റെ വ്യക്തിഗത കാര്യങ്ങളാണ് രജിസ്റ്റർ ചെയ്യേണ്ടത്. അതിലെ എല്ലാ ഭാഗങ്ങളും രജിസ്റ്റർ ചെയ്യേണ്ടതാണ്. വ്യക്തിഗത ഭാഗത്തെ login ID യും passward ഉം രഹസ്യസ്വഭാവം ഉള്ളതായിരിക്കണം. ആയതു മറ്റാരാലും ദുരുപയോഗം ചെയ്യപ്പെടാൻ ഇടയാവരുത്.

രണ്ടാം ഭാഗത്ത് അപേക്ഷകൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിലേയും സ്ഥലംമാറ്റം ലഭിക്കേണ്ട സ്ഥാപനത്തിലേയും വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സ്ഥലമാറ്റം ആഗ്രഹിക്കുന്ന 3 സ്ഥാപനങ്ങളുടെ പേര് മുൻഗണനാ ക്രമത്തിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടാതെ ആവശ്യമെങ്കിൽ വിദ്യാഭ്യാസ ജില്ലയിലെ ഏതെങ്കിലും സ്ഥാപനത്തിൽസ്ഥലംമാറ്റം ലഭിക്കുന്നതിനായി മുൻഗണനാ ക്രമത്തിൽ മൂന്ന് വിദ്യാഭ്യാസ ജില്ലയുടെ പേര് നൽകാവുന്നതാണ്. ഒഴിവുള്ള തസ്തികയിലെ പേര് ജില്ലാ അടിസ്ഥാനത്തിൽ വെബ് സൈറ്റിൽ ലഭ്യമാണ്..

അതാത് ജില്ലയിൽ രജിസ്റ്റർ ചെയ്യപ്പെട്ട അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിച്ച് 21.4.2008 തീയതി വൈകുന്നേരം 5 മണിക്ക് മുൻപായ് പ്രസ്തുത web site മുഖേന പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നല്കേണ്ടതാണ്.

ഓൺ ലൈനിലൂടെ അല്ലാത്ത ഒരു അപേക്ഷയും പരിഗണിക്കുന്നതല്ല. പ്രസ്തുത തീയതിക്ക് മുൻപും പിൻപുമായിട്ടു ലഭിച്ചിട്ടുള്ള ഒരു അപേക്ഷയും ജനറൽ ട്രാൻസ്ഫറിനു പരിഗണിയ്ക്കുന്നതല്ല. ഇതു സംബന്ധിച്ച കൂടുതൽ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ 0471 2324601, ഐ.ടി സ്കൂളിലെ 0471 2343261 എന്നീ ഫോൺ നമ്പരുകളിലും ലഭ്യമാണ്.

Padmakumari

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി